## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2341

## 2019 നവംബർ 05 ന് മറുപടി നൽകേണ്ടത്

## മഞ്ചേരി മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

| ക്രമ നം | ചോദ്യം<br>ശ്രീ.എം. ഉമ്മർ | മറുപടി<br>ഡോ.റ്റി. എം. തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|---|
| (എ) | മഞ്ചേരി നിയോജക മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾക്കായി 01.04.2019 മുതൽ നാളിതുവരെ ആസ്തി വികസന പദ്ധതിയിൽ നിന്ന് ഉൾപ്പെടെ അനുവദിച്ച തുകയുടെയും, പദ്ധതികളുടെയും, പ്രവൃത്തികളുടെയും വിശദാംശം നൽകുമോ; | മഞ്ചേരി നിയോജക മണ്ഡലത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധിയുടെ (MLA SDF) കീഴിൽ 1 കോടി രൂപയും നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയുടെ കീഴിൽ 5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയുടെ കീഴിൽ 85 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പുതിയ പദ്ധതികളുടെ ശിപാർശകൾ പരിശോധിച്ച് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുന്നതാണ്. പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇവയിൽ ആസ്തി വികസന, പ്രത്യേക വികസന നിധികൾ ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | |
| (സി) | പ്രസ്തുത മണ്ഡലത്തിലെ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ധന വകുപ്പിന്റെ പരിഗണനയിലുള്ള ഫയലുകളുടെ വിശദാംശം നൽകുമോ; | |
| (ഡി) | പുതിയ ഏതെല്ലാം പദ്ധതികൾക്കാണ് ഈ വർഷം ഫണ്ട് അനുവദിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | |

അക്കൗണ്ട്സ് ഓഫീസർ

# അനുബന്ധം

| 2019-20 സാമ്പത്തിക വർഷം MLA-ADS | | | |
|---|---|---|---|
| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷം) | നിലവിലെ സ്ഥിതി |
| 1. | നെല്ലിക്കുത്ത് ജി.വി.എച്ച്.എസ് സ്കൂൾ കെട്ടിട നിർമ്മാണം | 50 ലക്ഷം | ടെണ്ടർ നടപടി പൂർത്തിയാക്കി, സെലക്ഷൻ നോട്ടീസ് അയച്ചു |
| 2. | പുല്ലൂര് ജി.യു.പി.എസ് കടിവെള്ള പദ്ധതി | 15 ലക്ഷം | 10.10.2019 ന് കരാറുടമ്പടി ഒപ്പ് വെച്ചു |
| 3. | കാളങ്കാവ് - മാമ്പൊയിൻകുന്ന് റോഡ് പുനരുദ്ധാരണം | 20 ലക്ഷം | 06.06.2019 ന് ഭരണാനുമതി നൽകി |

അക്കൗണ്ടന്റ് ഓഫീസർ